## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. അരവിന്ദ്.വി, ജൂനിയർ കൺസൾട്ടന്റ് (ഡന്റൽ) തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ (സാധാ)നം.3404/2017/ആ.കു.വ തീയതി 30.11.2017
2. കുറിപ്പ് നം.ഇ.ബി1-33060/2017/ആ.വ.ഡ തീയതി 01.12.2017

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 04.12.2017**

പരാമർശം (1) പ്രകാരം, ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൾട്ടന്റ് (ഡന്റൽ) ആയി ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. അരവിന്ദ്.വി -യെ, അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിനു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. അരവിന്ദ്.വി -യെ **പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ** ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (ഡന്റൽ) തസ്തികയിലേക്ക്, അച്ചടക്ക നടപടിയുടെ തീർപ്പിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ടിയാൻ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

, ഒപ്പ്

**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. അരവിന്ദ്.വി, ജൂനിയർ കൺസൾട്ടന്റ് (ഡന്റൽ)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
3. ബന്ധപ്പെട്ട സൂപ്രണ്ടുമാർ
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//
സീനിയർ സൂപ്രണ്ട്

GOVERNMENT OF KERALA